(2) <u>ഭേദഗതികളുടെ ഭരണഘടനാ സാധുത</u>

2018 ഡിസംബർ 05-ാം തീയതി നിയമനിർമ്മാണകാര്യത്തിന്റെ പരിഗണനാവേളയിൽ, 2018-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബില്ലിൽ 326-ാം വകുപ്പിന് 4-ാം ഉപവകുപ്പായി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ഭരണഘടനാ വിരുദ്ധമാണെന്നും ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 WA2-ലെ 12-ാം ഷെഡ്യൂൾ പ്രകാരം പബ്ലിക് ഹെൽത്ത്, സാനിട്ടേഷൻ, കൺസോൾവൻസി ആൻഡ് സോളിഡ് വേസ്റ്റ് മാനേജ്മെന്റ് എന്നിവ മുനിസിപ്പാലിറ്റിക്ക് കൈമാറി എന്ന് വ്യക്തമായി പരാമർശിച്ചിട്ടുണ്ടെന്നും മുനിസിപ്പാലിറ്റികളുടെ സാമ്പത്തിക പരാധീനത നിമിത്തം ഖരമാലിന്യ നിർമ്മാർജ്ജനവും സംസ്കരണവും ഫലപ്രദമായി നടപ്പാക്കാൻ സാധിക്കാത്ത അവസരത്തിൽ നൽകിയ അധികാരം തിരിച്ചെടുക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നും ഖരമാലിന്യ സംസ്കരണത്തിന് മുനിസിപ്പാലിറ്റികൾക്ക് ആവശ്യമായ സാങ്കേതിക-സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നും 2006-ൽ സുപ്രീംകോടതി പുറപ്പെടുവിച്ച വ്യക്തതയില്ലാത്ത ഒരു വിധിയുടെ മറവിൽ അധികാരം കവർന്നെടുക്കാനുള്ള ഭരണഘടനാവിരുദ്ധമായ ഭേദഗതി പിൻവലിക്കണമെന്നും ഒരംഗം ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ഭരണഘടനയുടെ 243 WA2 അനുച്ഛേദപ്രകാരം വ്യവസ്ഥകൾക്ക്

വിധേയമായി സംസ്ഥാന നിയമസഭയ്ക്ക് നിയമംവഴി മുനിസിപ്പാലിറ്റികൾക്ക് സ്വയംഭരണ സ്ഥാപനമെന്ന നിലയിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്ന അധികാരങ്ങൾ നൽകാവുന്നതും അങ്ങനെയുള്ള നിയമത്തിൽ സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കുമുള്ള പദ്ധതികൾ തയ്യാറാക്കുന്നതിന് 12-ാം പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്ന സംഗതികൾ ഉൾപ്പെടെയുള്ള ചുമതലയും നിർവ്വഹണവും പദ്ധതികളുടെ നടപ്പാക്കലും സംബന്ധിച്ച് മുനിസിപ്പാലിറ്റികൾക്ക് അധികാരങ്ങളും ഉത്തരവാദിത്തങ്ങളും വിട്ടുകൊടുക്കാവുന്നതുമാണെന്നും മേൽപ്പറഞ്ഞ വ്യവസ്ഥകൾപ്രകാരം മുനിസിപ്പാലിറ്റികൾക്ക് സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കും പദ്ധതികൾ തയ്യാറാക്കുന്നതിനും 12-ാം പട്ടികയിൽ വ്യക്തമാക്കിയിരിക്കുന്ന ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനും അധികാരം നൽകിക്കൊണ്ട് സംസ്ഥാനത്ത് നിയമമുണ്ടാക്കാവുന്നതാണെന്നും അപ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 326-ാം വകുപ്പ് ചവറും ഖരമാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് മുനിസിപ്പാലിറ്റിക്ക് ക്രമീകരണങ്ങൾ ഒരുക്കുന്നതിനും 332-ാം വകുപ്പ് ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും 326-ലെ 3-ാം ഉപവകുപ്പ് മുനിസിപ്പാലിറ്റിക്ക് കരാറടിസ്ഥാനത്തിൽ പൊതുസ്ഥലങ്ങളിൽനിന്നോ സ്വകാര്യ സ്ഥലങ്ങളിൽനിന്നോ ഖരമാലിന്യങ്ങൾ

ശേഖരിക്കുന്നതിനും കയ്യൊഴിയുന്നതിനും ക്രമീകരണങ്ങൾ ഒരുക്കാവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും ശാന്തി ജി. പട്ടേൽ v/s സ്റ്റേറ്റ് ഓഫ് മഹാരാഷ്ട്ര എന്ന കേസിൽ സുപ്രീംകോടതി മുനിസിപ്പാലിറ്റിക്ക് ഭരണഘടനയുടെ 12-ാം പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള അധികാരങ്ങളും ചുമതലകളും നൽകിക്കൊണ്ട് ഒരു സംസ്ഥാനത്തിന് നിയമനിർമ്മാണം നടത്താനുള്ള ഭരണഘടനയിലെ 243 W അനുച്ഛേദം ഒരു എനേബ്ലിംഗ് പ്രൊവിഷൻ മാത്രമാണെന്നും സംസ്ഥാന ആവശ്യപ്രകാരം ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിന് നിർബന്ധമാക്കുന്നില്ലെന്നും വ്യക്തമാക്കിയ സാഹചര്യത്തിൽ ഭേദഗതി ഭരണഘടനാ വിരുദ്ധമല്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെക്കാണുന്ന റൂളിംഗ് നൽകി.*

“ ഇന്ന് സഭ പരിഗണിക്കുന്ന സമാനസ്വഭാവമുള്ള രണ്ടു നിയമങ്ങളിലും വരുത്തുവാനുദ്ദേശിക്കുന്ന ഭേദഗതികളുടെ ഭരണഘടനാ സാധുത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 243 W-യിലും 12-ാം പട്ടികയിലും വ്യവസ്ഥ ചെയ്തിട്ടുള്ളതിൻപ്രകാരം സംസ്ഥാന സർക്കാർ നടത്തിയ നിയമനിർമ്മാണത്തിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ

അധികാരം വീണ്ടും ഒരു ഭേദഗതിയിലൂടെ സർക്കാർ തിരിച്ചെടുക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നാണ് ഉന്നയിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് നിയമ വകുപ്പിന്റെ നിരീക്ഷണം മന്ത്രി വിശദമാക്കുകയും ചെയർ ഇക്കാര്യം പരിശോധിക്കുകയുമുണ്ടായി. സംസ്ഥാനം അഭിമുഖീകരിക്കുന്ന മാലിന്യ സംസ്കരണത്തിന് പ്രായോഗിക പരിഹാരം കാണുന്നതിനുള്ള നിർദ്ദേശമാണ് പ്രസ്തുത ഭേദഗതിയിലൂടെ കൊണ്ടുവന്നിരിക്കുന്നത്. മാലിന്യ സംസ്കരണത്തിനായി പ്രായോഗികമായി വൈഷമ്യം നേരിടുന്ന പ്രാദേശിക ഭരണകൂടങ്ങളെ സഹായിക്കുന്നതിനുള്ള ഒരു വ്യവസ്ഥകൂടി നിയമത്തിൽ ചേർക്കുന്നു എന്നല്ലാതെ ഇതിൽ ഭരണഘടനയിലെ ഏതെങ്കിലും വ്യവസ്ഥയുടേയോ ഉദ്ദേശ്യലക്ഷ്യത്തിന്റെയോ ലംഘനമുള്ളതായി കാണുന്നില്ല. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.”